**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1064** **11-02-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. കെ. ബഷീർ</td><td colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ജൽജീവൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് പണി പൂർത്തിയാക്കിയിട്ടും തുക കൈമാറാനാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;</td><td>(എ)</td><td>ഉണ്ട്. നിലവിൽ കരാറുകാർക്ക് നല്കുവാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>Year & Month</th><th>തുക</th></tr>
<tr><td>2024 ജനുവരി</td><td>87,78,58,567.00</td></tr>
<tr><td>2024 ഫെബ്രുവരി</td><td>4,50,29,90,788.00</td></tr>
<tr><td>2024 മാർച്ച്</td><td>4,33,75,78,033.00</td></tr>
<tr><td>2024 ഏപ്രിൽ</td><td>3,38,55,14,579.00</td></tr>
<tr><td>2024 മെയ്</td><td>3,46,44,15,326.00</td></tr>
<tr><td>2024 ജൂൺ</td><td>3,74,20,02,574.88</td></tr>
<tr><td>2024 ജൂലൈ</td><td>3,58,58,67,301.00</td></tr>
<tr><td>2024 ആഗസ്റ്റ്</td><td>2,80,08,18,746.00</td></tr>
<tr><td>2024 സെപ്റ്റംബർ</td><td>2,84,69,71,907.00</td></tr>
<tr><td>2024 ഒക്ടോബർ</td><td>3,62,54,91,417.00</td></tr>
<tr><td>2024 നവംബർ</td><td>3,61,49,03,736.00</td></tr>
<tr><td>2024 ഡിസംബർ</td><td>3,44,56,83,101.00</td></tr>
<tr><td>2025 ജനുവരി</td><td>3,48,31,47,785.00</td></tr>
<tr><td>ആകെ</td><td>43,71,32,43,860.88</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഇപ്രകാരം എത്ര തുക കരാറുകാർക്ക് കുടിശ്ശികയായിട്ടുണ്ട്; അറിയിക്കുമോ;</td><td>(ബി)</td><td>4371.32 കോടി രൂപയുടെ കുടിശ്ശിക നല്കുവാനുണ്ട്.</td></tr>
<tr><td>(സി)</td><td>പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക കരാറുകാർക്ക് നൽകിയോ; എങ്കിൽ ഏതെല്ലാം കരാറുകാർക്കാണ് നല്കിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ആയത് നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്;</td><td>(സി)</td><td>പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തുക അംഗീകരിച്ച് ബില്ലിന്റെ വിശദാംശങ്ങൾ സംസ്ഥാനതല സ്കീമിന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ജലജീവൻ മിഷന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് കരാറുകാർക്ക് തുക നല്കുന്നത്. ജില്ല തിരിച്ചുള്ള വിവരം ലഭ്യമല്ല.</td></tr>
<tr><td>(ഡി)</td><td>ലഭ്യമാകുന്ന ഫണ്ട് സീനിയോറിറ്റി മറികടന്നു ആർക്കെങ്കിലും ബിൽ തുക വിതരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ്</td><td>(ഡി)</td><td>ജലജീവൻ മിഷന്റെ കീഴിൽ സപ്പോർട്ട് & വാട്ടർ ക്വാളിറ്റി എന്ന വിഭാഗം ഒഴികെ ലഭിക്കുന്ന നോർമൽ വിഭാഗം തുക പൊതുവായ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ്</td></tr>
</table>

| | | | |
|---|---|---|---|
| | നൽകിയതെന്നും എന്താണ് കാരണം എന്നും അവർ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അറിയിക്കുമോ; | | കരാറുകാർക്ക് വിതരണം ചെയ്യുന്നത്. കേന്ദ്ര സർക്കാരിന്റെ "പ്രത്യേക സഹായം" എന്ന ഇനത്തിൽ ഫണ്ടുകൾ ലഭ്യമാകുകയാണെങ്കിൽ ആയത് ആ സ്കീമിന്റെ അനുമതി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടാണ് വിതരണം ചെയ്യുന്നത്. |
| (ഇ) | കരാറുകാരുടെ കുടിശിക അടിയന്തിരമായി കൊടുത്ത് തീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഇ) | ലോകബാങ്കിൽ നിന്നും 6300 കോടി രൂപ, നബാർഡ്, ഹഡ്കോ, എൽ.ഐ.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും 12,000 കോടി രൂപ എന്നിങ്ങനെ ജൽജീവൻ മിഷന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായുള്ള പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും സമർപ്പിച്ചിരുന്നു. അവ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ